## പതിനാലാം കേരളനിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 3479

20.06.2018-ൽ മറുപടിക്ക്

### കെവിൻ കൊലപാതകം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, അടൂർ പ്രകാശ്<br>,, എം. വിൻസെന്റ്<br>,, സണ്ണി ജോസഫ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കെവിൻ കൊലപാതകത്തിൽ പോലീസിന് സജീവ പങ്കുള്ളതായുള്ള വാർത്തകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) കെവിനെയും അനീഷിനെയും തട്ടിക്കൊണ്ടുപോയ ഗുണ്ടാത്തലവൻമാർക്ക് അവർ രണ്ടുപേരും മാത്രമാണ് മാന്നാനത്തെ വീട്ടിലുള്ളതെന്ന വിവരം കൈമാറിയത് പോലീസ് പട്രോളിംഗ് സംഘമാണെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; | (ബി) നാളിതുവരെയുള്ള അന്വേഷണത്തിൽ വെളിവായിട്ടില്ലാത്തതാണ്. |
| (സി) ഗുണ്ടാ സംഘങ്ങൾക്ക് ഇത്തരത്തിൽ പിന്തുണ നൽകുന്ന പോലീസുകാർ പ്രസ്തുത ഫോഴ്സിന് തന്നെ നാണക്കേടായതിനാൽ ഇത്തരക്കാർക്കെതിരെ കർശനനടപടി സ്വീകരിച്ച് അവരെ മാതൃകാപരമായി ശിക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) ഗുണ്ടാസംഘങ്ങളെ പോലീസ് ഉദ്യോഗസ്ഥർ പിന്തുണയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ അന്വേഷണം നടത്തി വകുപ്പുതല നടപടികളും കർശനമായ നിയമപ്രകാരമുള്ള നടപടികളും സ്വീകരിക്കുന്നതാണ്. |
| (ഡി) പ്രതികൾക്ക് അധികാരകേന്ദ്രങ്ങളുടെ പിന്തുണയുണ്ടെന്ന കോടതി പരാമർശം സർക്കാർ ഗൗരവത്തിൽ എടുത്തിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തെക്കുറിച്ചും അന്വേഷിക്കുമോ? | (ഡി) കോടതിയുടെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രതികൾക്ക് അധികാര കേന്ദ്രങ്ങളുടെ പിന്തുണയുള്ളതായി നാളിതുവരെയുള്ള അന്വേഷണത്തിൽ വെളിവായിട്ടില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ